LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

84 (1047) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടപ്പു സാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) പദ്ധതിപ്രകാരമുള്ള പ്രീമിയം തുക ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ :

(ഡി) പദ്ധതിയിൽ അംഗമായവർക്ക് മതിയായ ചികിത്സാസൗകര്യം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11 വർഷം 1,40,204 എ.പി.എൽ. കുടുംബങ്ങൾ ഉൾപ്പെടെ 18,74,974 കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. 15-1-2011 വരെ 2,92,477 കുടുംബങ്ങൾക്ക് 91.30 കോടി രൂപയുടെ സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ട്.

(ബി&സി) ടെണ്ടർ നടപടികളിലൂടെയാണ് പ്രീമിയം തുക നിശ്ചയിക്കുന്നത്. 2011-12 വർഷത്തെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. സർവ്വീസ് ടാക്സ് ഉൾപ്പെടെ 825 രൂപയാണ് പ്രീമിയം.

(ഡി) കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ചേർന്നിട്ടുള്ള ആശുപത്രികളിൽ പദ്ധതി പ്രകാരമുള്ള ചികിത്സാ സൗജന്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ എന്ന കാര്യവും ഇൻഷ്വറൻസ് കമ്പനിയും അവർ നിയോഗിച്ചിട്ടുള്ള തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്ററും പരിശോധിക്കുകയും മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

85 (1048) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്രപേർ ഇതിനകം അംഗങ്ങളായിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ :

(ബി) എത്രപേർ പദ്ധതിയുടെ ഗുണഫലം പ്രയോജനപ്പെടുത്തിയിട്ടുണ്ട് ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1874974 കുടുംബങ്ങൾ ഇതിനോടകം സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(ബി) 31-1-2011 വരെ 292477 പേർക്ക് 91,30,03,659 കോടി രൂപയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

86 (1049) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് ബി.പി.എൽ.കുടുംബങ്ങൾക്കുള്ള വരുമാന പരിധി ഉയർത്തി നിശ്ചയിക്കണമെന്ന നിർദ്ദേശത്തിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) വരുമാന പരിധിയില്ലാതെ ഈ പദ്ധതിയിൽ ചേരുന്നതിന് ഏതൊക്ക പുതിയ വിഭാഗങ്ങൾക്കാണ് ഇപ്പോൾ അർഹത നൽകിയിട്ടുള്ളത് ;

(സി) ഈ വർഷം എത്ര ലക്ഷം പേരെ ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ വർഷം ഇതുവരെ ഈ പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നു എന്ന വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) റേഷൻ കാർഡിൽ 600 രൂപയോ അതിൽ താഴെയോ വരുമാനം രേഖപ്പെടുത്തിയിട്ടുള്ള കുടുംബങ്ങളെയാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ആശ്രയ കുടുംബങ്ങൾ, ആശാ വർക്കേഴ്സ്, അംഗനവാടി വർക്കേഴ്സ്/ഹെൽപേഴ്സ്, വികലാംഗർ, മത്സ്യ തൊഴിലാളികൾ, കയർ, കൈത്തറി കർഷക തൊഴിലാളി, തയ്യൽ, ബീഡി, പനമ്പ്-ഈറ്റ-കാട്ടുവള്ളി, ഖാദി തൊഴിലാളി, ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തുടങ്ങിയ വിഭാഗങ്ങളിലെ ക്ഷേമനിധി അംഗങ്ങൾ, ഗാർഹിക തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ, കശുവണ്ടി, കള്ളുചെത്ത്, കെട്ടിടനിർമ്മാണ തൊഴിലാളി, ചുമട്ടുതൊഴിലാളി തുടങ്ങിയ മേഖലകളിലെ ക്ഷേമനിധി ബോർഡുകളിൽ അംഗത്വമുള്ളവരും, പെൻഷൻ വാങ്ങുന്നവരും, കണ്ണൂർ കന്റോൺമെന്റ് തൊഴിലാളികൾ, എൻഡോസൾഫാൻ ദുരന്തബാധിതർ, തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്തവർ, ഗാർഹിക തൊഴിലാളികൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വാങ്ങുന്നവർ, പ്രവാസി അവിദഗ്ദ്ധ തൊഴിലാളികൾ സ്കൂൾ പാചക തൊഴിലാളികൾ തുടങ്ങിയവരെയാണ് ഈ പദ്ധതിയിൽ ഇപ്രകാരം ചേർത്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly